# ദൈവത്തിങ്കലേക്കുള്ള വഴി





©2012 by W.M. Press, Inc. Cover by Edwin B. Wallace.

All scriptures are taken from the Malayalam Bible with permission from the Bible Society of India.

# ദൈവം നമ്മുടെ ലോകത്തെയും എല്ലാ ജീവജാലങ്ങളെയും സൃഷ്ടിച്ചു



"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു."

-ഉല്പത്തി 1:1

സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും......സകലതും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു"

-കൊലോസ്യർ 1:16

ആകാശവും ഭൂമിയും ഉണ്ടാക്കിയ യഹോവയാൽ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവർ ആകുന്നു. സ്വർഗ്ഗം യഹോവയുടെ സ്വർഗ്ഗമാകുന്നു; ഭൂമിയെ അവൻ മനുഷ്യർക്കു കൊടുത്തിരിക്കുന്നു.

-സങ്കീ 115:15,16

ദൈവം ഭൂമി മനുഷ്യനു നൽകുമ്പോൾ അത് പൂർണ്ണതയുള്ളതായിരുന്നു. എന്തു സംഭവിച്ചു എന്നറിയാൻ ഈ ലഘുപുസ്തകം വായിക്കുക.

# ദൈവം നമ്മെ സൃഷ്ടിച്ചു



"അനന്തരം ദൈവം: നാം നമ്മുടെ സ്വരുപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക അവർ... സർവ്വഭുമിയിന്മേലും .... വാഴട്ടെ എന്നു കല്പിച്ചു.

–ഉല്പത്തി 1:26

# മനുഷ്യൻ ജീവനുള്ള ദേഹിയായി

"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു."

–ഉല്പത്തി 2:7

"അനന്തരം യഹോവയായ ദൈവം: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവന്നു തക്കതായൊരു തുണ ഉണ്ടാക്കികൊടുക്കും എന്നു അരുളിച്ചെയ്തു...' ആകയാൽ യഹോവയായ ദൈവം മനുഷ്യനു ഒരു ഗാഢനിദ്ര വരുത്തി; അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്നു എടുത്തു അതിനു പകരം മാംസം പിടിപ്പിച്ചു..." യഹോവയായ ദൈവം മനുഷ്യനിൽ നിന്നെടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു".

–ഉല്പത്തി 2:18, 21–22

# ആദമും ഹവ്വയും ദൈവത്തോട് അനുസരണക്കേടുകാട്ടി



നാം ഒരിക്കലും സാത്താൻെറ ശബ്ദം ശ്രവിക്കരുത്

“യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദെൻതോട്ടത്തിൽ വേല ചെയ്‌വാനും അതിനെ കാപ്പാനും അവിടെ ആക്കി. യഹോവയായ ദൈവം മനുഷ്യനോടു കല്പിച്ചതു എന്തെന്നാൽ: തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്കു ഇഷ്ടം പോലെ തിന്നാം. എന്നാൽ നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുതു; തിന്നുന്ന നാളിൽ നി മരിക്കും.” -ഉല്പത്തി 2:15-17

സാത്താൻ, പിശാച് എന്നീ പേരുകളിലും അറിയപ്പെടുന്ന സർപ്പം ദൈവത്തിന്റെ അധികാരം ചോദ്യം ചെയ്യുകയും കള്ളം പറയുകയും ചെയ്തു.

“പാമ്പു സ്ത്രീയോടു: നിങ്ങൾ മരിക്കയില്ല നിശ്ചയം; ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു ഭർത്താവിന്നും കൊടുത്തു; അവനും തിന്നു.” -ഉല്പത്തി 3:4,6

# ആദമിനും ഹവ്വയ്ക്കും തുടർന്ന് ആ തോട്ടത്തിൽ പാർക്കാൻ കഴിഞ്ഞില്ല.



"അവനെ എടുത്തിരുന്ന നിലത്തു കൃഷി ചെയ്യേണ്ടതിന്നു യഹോവ യായ ദൈവം അവനെ ഏദനിൽ നിന്നു പുറത്താക്കി..... ജീവൻെറ വൃക്ഷത്തിലേക്കുള്ള വഴി കാപ്പാൻ... കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിൻെറ ജ്വാലയുമായി നിർത്തി."

-ഉല്പത്തി 3:23-24

# ആദാമും ഹവ്വയും പാപം ചെയ്ത ദിവസം മാനവരാശിയുടെ ദുഃഖത്തിൻെറ ദിവസമായിരുന്നു





"ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു. റോമർ 5:12

**ഓർത്തിരിക്കാൻ**

ഓരോ മനുഷ്യനും പാപപ്രകൃതിയിലൂടെ നീങ്ങുകയും പാപത്തിൻെറ പരിണിതഫലമായി ഒരു ദിവസം മരിക്കയും ചെയ്യുന്നു. (റോമർ 5:12 വീണ്ടും വായിക്കുക)

# 8 നമ്മെ പാപത്തിൽ നിന്നു വിടുവിക്കുവാൻ തൻെറ ഏകജാതനെ അയയ്ക്കുക എന്നതായിരുന്നു ദൈവത്തിൻെറ പദ്ധതി



"അവൾ ഒരു മകനെ പ്രസവിക്കും; അവൻ തൻെറ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു യേശു എന്ന് പേർ ഇടേണം എന്നു പറഞ്ഞു." -മത്തായി 1:21

മാനവജാതിയുടെ ഇടയിലേക്കു വരുവാൻ ദൈവപുത്രൻ ഒരു മനുഷ്യക്കുഞ്ഞായി പിറന്നു.

''അവനിലല്ലോ ദൈവത്തിൻെറ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു.'' -കൊലോസ്യർ 2:9

"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവമായിരുന്നു..." വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു..."

–യോഹന്നാൻ 1:1,14

"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന്നു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർവിളിക്കും... എന്നു അരുളിച്ചെയ്തതു നിവൃത്തിയാകുവാൻ ഇതൊക്കെയും സംഭവിച്ചു"

–മത്തായി 1:22,23

"നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും.

–യെശയ്യാവ് 9:6

"...പാപം അറിയാത്തവനെ...." –2 കൊരിന്ത്യർ 5:21

"അവൻ പാപം ഒന്നും ചെയ്തിട്ടില്ല..."
–1 പത്രോസ് 2:22



ഒരു യാഗവും മനുഷ്യൻെറ പാപം ക്ഷമിക്കുവാൻ തക്കവണ്ണം പൂർണ്ണതയുള്ളതായിരുന്നില്ല "കാളകളുടേയും ആട്ടുകൊറ്റന്മാരുടെയും രക്തത്തിനു പാപങ്ങളെ നീക്കുവാൻ കഴിയുന്നതല്ല."
–എബ്രായർ 10:4

യേശു ദൈവത്തിൻെറ കുഞ്ഞാടാകുന്നു "ലോകത്തിൻെറ പാപം ചുമക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്" –യോഹ 1:29

ക്രൂരന്മാരായ ആളുകൾ യേശുവിനെ വെറുത്തതുകൊണ്ട് അവനെ ഒരു മരക്കുരിശിൽ ക്രൂശിച്ചു. എന്നാൽ അവന്റെ മരണം ദൈവത്തിന്റെ പദ്ധതി ആയിരുന്നു. നമ്മെ പാപത്തിൽ നിന്നു രക്ഷിക്കുവാൻ യേശു സ്വന്ത ഇഷ്ടപ്രകാരം തന്റെ ജീവൻ ഏല്പിച്ചുതന്നു.

"ആരും അതിനെ എന്നോടു എടുത്തുകളയുന്നില്ല; ഞാൻ തന്നേ അതിനെ കൊടുക്കുന്നു; അതിനെ കൊടുപ്പാൻ എനിക്കു അധികാരമുണ്ട്; ...

-യോഹന്നാൻ 10:18

ദൈവകുഞ്ഞാടിന്റെ രക്തത്താൽ നാം വീണ്ടെടുക്കപ്പെട്ടിരിക്കുന്നു.

"... നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെകൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രെ"

1പത്രോസ് 1:18,19

മറ്റ് ഒരു യാഗവും പാപമോചനത്തിനില്ല

"...നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു."


-എബ്രായർ 10:10

12 “അവന്റെ രക്തത്താൽ നീതികരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി നീതീകരിക്കപ്പെടും”


–റോമർ 5:9


“യേശുവേ നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ എന്നു പറഞ്ഞു.”

ഈ
കള്ളൻ
യേശുവി
വിൽ
വിശ്വസിച്ച്
രക്ഷിക്കപ്പെട്ടു



“...ഇന്നു നീ എന്നോടുകൂടെ പരദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു.”
–ലൂക്കോസ് 23:43





ഈ കള്ളൻ
യേശുവിനെ
വിശ്വസിക്കാഞ്ഞ
തിനാൽ
രക്ഷിക്കപ്പെട്ടില്ല

“നാം പാപികളായിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ...”

–റോമർ 5:8

# ദൈവപുത്രനിൽ വിശ്വസിക്കുന്ന ഏവർക്കും നിത്യജീവൻ ഉണ്ട്

"തൻെറ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."

–യോഹ. 3:16

"നമ്മെ ഇരുട്ടിൻെറ അധികാരത്തിൽ നിന്നു വിടുവിച്ചു തൻെറ സ്നേഹസ്വരൂപനായ പുത്രൻെറ രാജ്യത്തിലാക്കിവെക്കുകയും... അവനിൽ നമുക്കു പാപമോചനമെന്ന വീണ്ടെടുപ്പു ഉണ്ട്."

–കൊലോസ്യർ 1:13,14

# 'അവൻ ഉയിർത്തെഴുന്നേറ്റു!'



ദൂതൻ സ്ത്രീകളോട്:
ഭയപ്പെടേണ്ട; ക്രൂശിക്ക
പ്പെട്ട യേശുവിനെ
നിങ്ങൾ അന്വേഷിക്കുന്നു
എന്നു ഞാൻ അറിയുന്നു;
അവൻ ഇവിടെ ഇല്ല;
താൻ പറഞ്ഞതുപോലെ
ഉയിർത്തെഴുന്നേറ്റു;
അവൻ കിടന്ന സ്ഥലം
വന്നു കാൺമീൻ.' "

–മത്തായി 28:5,6

"ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിൻെറയും പാതാളത്തിൻെറയും താക്കോൽ എൻെറ കൈവശമുണ്ടു."
-വെളിപ്പാട് 1:18

"...ഞാൻ ജീവിക്കുന്നതുകൊണ്ടു നിങ്ങളും ജീവിക്കും." -യോഹ 14:19

യേശു മരണത്തെ കീഴടക്കുകയും മരണത്തിൻെറ താക്കോൽ നേടുകയും ചെയ്തതുകൊണ്ട് നാം ഇനി മരണത്തെ ഭയപ്പെടേണ്ടതില്ല "ഞാൻ ഭയപ്പെടുന്ന നാളിൽ നിന്നിൽ ആശ്രയിക്കും" (സങ്കീ. 56:3)

(ദൈവികവാഗ്ദത്തങ്ങൾക്ക് 46-ാം പേജ് കാണുക)

യേശുവിനു നിങ്ങളെ രക്ഷിപ്പാൻ കഴിയും; അവൻ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

"ഇവനോ എന്നേക്കും ഇരിക്കുന്നതുകൊണ്ടു.... താൻ മുഖാന്തരമായി ദൈവത്തോടു അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു.
-എബ്രായർ 7:24,25




നിങ്ങൾ ഏതുവഴി
തിരഞ്ഞെടുക്കും?

ദൈവത്തോടുള്ള
നിത്യജീവൻെറ മാർഗ്ഗം
യേശുക്രിസ്തുവാണ്.

നിത്യമരണത്തിലേക്കുള്ള
മാർഗം പിശാച് അല്ലെ
ങ്കിൽ സാത്താനാണ്

ഈ കുട്ടി നിത്യജീവനിലേക്കുള്ള ശരിയായ തെരഞ്ഞെടുപ്പു നടത്തി

"....ആരെ സേവിക്കും എന്നു ഇന്നു തെരഞ്ഞെടുത്തുകൊൾവിൻ..."
–യോശുവ 24:15

...നീയും നിൻെറ സന്തതിയും ജീവിച്ചിരിക്കേണ്ടതിന്നു... ജീവനെ തെരഞ്ഞെടുത്തുകൊൾക"
–ആവർത്തനം 30:20

## യേശു ആകുന്നു നിത്യജീവനിലേക്കുള്ള വഴി


"മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല"
–അപ്പൊ. 4:12

"ഞാൻ, ഞാൻ തന്നേ യഹോവ; ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല"
–യെശയ്യാവ് 43:11

## യേശുവിനെ എന്തുകൊണ്ട് തെരഞ്ഞെടുക്കണം?

### *1. ക്രിസ്തു വന്നവനാണ്.*

"അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നതു" -യോഹ. 10:10



### *2. ക്രിസ്തു നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി മരിച്ചു.*

"എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെ ത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള...." -ഗലാത്യർ 2:20

നമ്മെപ്പോലെ രക്തവും മാംസവുമുള്ള മനുഷ്യനായിരുന്നു യേശു

"മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടുകൂടിയവനായി മരണത്തിൻെറ അധികാരിയായ പിശാചിനെ തൻെറ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു."

–എബ്രായർ 2:14,15

***3. യേശുവിൻെറ രക്തം മാത്രമാണ് നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം.***

"രക്തമല്ലോ ജീവൻമൂലമായി പ്രായശ്ചിത്തം ആകുന്നത്"

–ലേവ്യ. 17:11

"അവൻെറ പുത്രനായ യേശുവിൻെറ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു"

–1 യോഹ 1:7

"അവനിൽ നമുക്കു പാപമോചനം എന്ന വീണ്ടെടുപ്പുണ്ടു"

–കൊലൊസ്യർ 1:14



**4. മരിച്ചവരിൽ നിന്ന് ഉയിർത്തെഴു-ന്നേറ്റവൻ യേശുവാണ്.**

"ക്രിസ്തുമരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല, മരണത്തിനു അവൻെറമേൽ ഇനി കർത്തൃത്വമില്ല"

- റോമർ 6:9

"എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കുവേണ്ടി മരിച്ചു ഉയിർത്തവനായിട്ടു തന്നേ ജീവിക്കേണ്ടതിനു അവൻ എല്ലാവർക്കും വേണ്ടി മരിച്ചു."

–2കൊരി 5:15

''ഞാൻ ജീവിക്കുന്നതുകൊണ്ടു നിങ്ങളും ജീവിക്കും'' എന്നു യേശു പറഞ്ഞു.

യോഹ 14:19

## 5. നിത്യജീവനിലേക്ക് ഉയിർക്കുവാൻ ക്രിസ്തുവിൻെറ ആത്മാവ് നമുക്ക് ആവശ്യമാണ്.

"... മഹത്വത്തിൻെറ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു..."

–കൊലൊ 1:27

"യേശുവിനെ മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചവൻെറ ആത്മാവു നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്നു ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തൻെറ ആത്മാവിനെ കൊണ്ടു നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും"

–റോമർ 8:11

യേശുവിൻെറ ആത്മാവ് നിങ്ങളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുക.
"... ക്രിസ്തുവിൻെറ ആത്മാവില്ലാത്തവൻ അവന്നുള്ളവനല്ല"

–റോമർ 8:9

# 22 നിങ്ങൾക്കെങ്ങനെ നിത്യജീവൻ കണ്ടെത്താം?

24-ാം പേജിലെ മാർഗനിർദ്ദേശങ്ങൾ അനുസരിക്കുക



"ബാല്യത്തിലെ ക്രിയകളാൽ തന്നെ ഒരുത്തൻെറ പ്രവൃത്തി അറിയാം"

–സദൃശ 20:11

"യേശു എന്നെ സ്നേഹിക്കുന്നു എന്ന് എനിക്കറിയാം, ബൈബിൾ അങ്ങനെ പഠിപ്പിക്കുന്നു."

"യേശുവോ അവരെ അരികത്തുവിളിച്ചു: പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്; ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതു ആകുന്നു" –ലൂക്കോസ് 18:16

"അങ്ങനെ തന്നെ ഈ ചെറിയവരിൽ ഒരുത്തൻ നശിച്ചുപോകുന്നതു സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിന്നു ഇഷ്ടമല്ല" –മത്തായി 18:14

നിങ്ങൾ ആരാകുന്നു എന്നോ എവിടെ ജീവിക്കുന്നു എന്നോ നോക്കാതെ യേശു നിങ്ങളെ സ്നേഹിക്കുന്നു. അവൻ നിങ്ങൾക്കുവേണ്ടി മരിച്ചു. നിങ്ങളുടെ സ്നേഹം യേശുവിനും വേണം. അവനെ അനുസരിക്കുന്നതിലൂടെ നിങ്ങളുടെ സ്നേഹം വെളിപ്പെടുത്താൻ കഴിയും.

"നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകൾ കാത്തുകൊള്ളും" –യോഹ 14:15

## 24 ദൈവത്തിങ്കലേക്കുള്ള വഴി എങ്ങനെ കണ്ടെത്താം

*1. നിങ്ങൾ ഒരു പാപി എന്നു സമ്മതിക്കുക*

"എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു" - റോമർ 3:23

*2. യേശുക്രിസ്തുവിൽകൂടെ ദൈവത്തോടടുക്കുക*

"ദൈവം ഒരുവനല്ലോ, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ... മനുഷ്യനായ ക്രിസ്തുയേശു തന്നെ"

–1 തിമൊഥിയോസ് 2:5–6

"...ദൈവത്തോട് അടുക്കുന്നവർക്കുവേണ്ടി... സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു" - എബ്രാ 7:25

യേശു പറഞ്ഞു: "... എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ല" യോഹന്നാൻ 6:37

# 3. പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുക

(മാനസാന്തരം എന്നു പറഞ്ഞാൽ പാപങ്ങൾ ക്ഷമിക്കുവാൻ തക്കവണ്ണം ക്ഷമചോദിച്ച് പാപത്തെ ഉപേക്ഷിക്കുന്നതാണ്)

"ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിന് മാനസാന്തരപ്പെട്ടു തിരിഞ്ഞു കൊൾവിൻ" -അപ്പൊ. പ്രവൃത്തി 3:19

"ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു" -2 പത്രൊസ് 3:9




4. നിങ്ങളുടെ പാപങ്ങൾ യേശുവിനോട് ഏറ്റുപറയുക

(ഏറ്റു പറയുക എന്നാൽ അംഗീകരിക്കുക എന്നർത്ഥം)

26 പേജ് 25ലെ പ്രാർത്ഥിക്കുന്ന കരത്തിൽ കാണുന്ന യോഹ 1:9-ാം വാക്യം താഴെ എഴുതുക.

________________________________________

________________________________________

________________________________________

**5. പാപങ്ങളെ ഉപേക്ഷിക്കുക.**

(ഉപേക്ഷിക്കുക എന്നാൽ എന്നേക്കുമായി വിടപറയുക)

"തന്റെ ലംഘനങ്ങളെ മറെക്കുന്നവനു ശുഭം വരികയില്ല, അവയെ ഏറ്റുപറഞ്ഞു ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും"

–സദൃശവാക്യങ്ങൾ 28:13

"ദോഷം വിട്ടൊഴിഞ്ഞു ഗുണം ചെയ്ക, എന്നാൽ നീ സദാകാലം സുഖമായി വസിക്കും"

–സങ്കീ.37:27



"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ല ദൈവത്തിൻെറ ദാനമത്രേ ആകുന്നു; ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല" -എഫേ 2:8,9

**6. യേശുക്രിസ്തുവിൽ വിശ്വസിക്കുക.**

"യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" -റോമർ 10:9

"കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിൻെറ കുടുംബവും രക്ഷപ്രാപിക്കും..."
-അപ്പൊ. പ്രവൃ 16:31

7. യേശുക്രിസ്തുവിനെ നിങ്ങളുടെ ജീവിതത്തിലേക്കും ഹൃദയത്തിലേക്കും സ്വീകരിക്കുക.

ഹൃദയത്തിൻെറ വാതിൽ തുറന്ന് യേശു കടന്നുവരുവാൻ



ക്ഷണിക്കുക മാത്രം ചെയ്യുക. യേശു പറഞ്ഞു: "ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എൻെറ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവൻെറ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും"

-വെളിപ്പാട് 2:20

"അവനെ കൈക്കൊണ്ടു അവൻെറ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു"

-യോഹ. 1:12

# ഒരു പ്രാർത്ഥനാ സഹായി

നിങ്ങൾ മുമ്പ് ഒരിക്കലും പ്രാർത്ഥിച്ചിട്ടില്ലെങ്കിൽ... പ്രാർത്ഥിക്കാൻ സഹായം ആവശ്യമാണെങ്കിൽ താഴെ കാണുന്ന പ്രാർത്ഥന നിങ്ങൾക്കു മാതൃകയാക്കാം.



പ്രിയ കർത്താവായ യേശുവേ,

എന്റെ പാപങ്ങൾ നീക്കുവാൻ ക്രൂശിൽ മരിച്ചതിനായി നന്ദിപറയുന്നു. ഞാൻ ചെയ്തുപോയ എല്ലാ അതിക്രമങ്ങളും എന്നോടു ക്ഷമിക്കേണമേ. എന്റെ ജീവിതത്തിൽ കടന്നു വന്ന് ഹൃദയത്തിൽ എന്നും വസിക്കുവാൻ ഞാൻ അങ്ങയെ ക്ഷണിക്കുന്നു. എന്റെ ഹൃദയം ശുദ്ധീകരിക്കുവാൻ ഈ നിമിഷം ഞാൻ അങ്ങയിൽ ആശ്രയിക്കുന്നു. എന്റെ കർത്താവും രക്ഷകനുമായി ഞാൻ അങ്ങയെ സ്വീകരിക്കുന്നു.

യേശുവിന്റെ നാമത്തിൽ, ആമേൻ

# 30 യേശു നിങ്ങളുടെ ഹൃദയത്തിലുള്ളപ്പോൾ നിങ്ങൾ സുരക്ഷിതരാണ്

"... ദൈവം നമുക്കു നിത്യജീവൻ തന്നു; ആ ജീവൻ അവൻെറ പുത്രനിൽ ഉണ്ട്.... പുത്രനുള്ളവന്നു ജീവൻ ഉണ്ട്..."

–1 യോഹന്നാൻ 5:11,12

"....എൻെറ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവനും നിത്യജീവൻ ഉണ്ടു. അവൻ... മരണത്തിൽ നിന്നു ജീവനിലേക്കു കടന്നിരിക്കുന്നു.

നിങ്ങളുടെ ജഡം മരിക്കുമ്പോൾ നിങ്ങൾ ക്രിസ്തുവിൻെറ സന്നിധിയിൽ ആകുന്നു –2 കൊരി 5:8 ...."മഹത്വത്തിൻെറ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു" –കൊലൊസ്യർ 1:27

നിങ്ങൾ പാപക്ഷമയ്ക്കായി യേശുവിനോട് അപേക്ഷിക്കുകയും യേശുവിനെ നിങ്ങളുടെ രക്ഷകനായി വിശ്വസിക്കയും ചെയ്തു എങ്കിൽ നിങ്ങളുടെ പേര് താഴെ എഴുതുക.



ദിനം തോറും ബൈബിൾ വാക്യങ്ങൾ വായിക്കുകയും ഹൃദയത്തിൽ സൂക്ഷിക്കുകയും ചെയ്യുക. ഈ ചെറു പുസ്തകത്തിലുള്ളവ ഉൾപ്പടെ ഓർമ്മയിൽ സൂക്ഷിക്കുന്നവ നിങ്ങളെ സഹായിക്കും.

"എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിൻെറ മനുഷ്യൻ സകല സൽപ്രവർത്തിക്കും വകപ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതു ആകുന്നു" -2 തിമൊഥെ 3:16

# 32 പ്രാർത്ഥനയിൽ യേശുവിനോടു ഏതു സമയത്തും സംസാരിക്കുക



ജീവിതത്തിലെ എല്ലാ നല്ലകാര്യങ്ങൾക്കും യേശുവിനോടു നന്ദി പറയുക. നിങ്ങൾക്കും നിങ്ങളുടെ ആത്മാവിന്റെ രക്ഷയ്ക്കും യേശു ചെയ്ത കാര്യങ്ങളോർത്ത് അവനെ സ്തുതിക്കുക. നിങ്ങളുടെ ഏത് ആവശ്യത്തിനും വേണ്ടി പ്രാർത്ഥിക്കുക. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുക.

"അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു..."

-1 യോഹന്നാൻ 5:14

"നിങ്ങൾ പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും അവൻ എന്റെ നാമത്തിൽ നിങ്ങൾക്കു തരും"

-യോഹന്നാൻ 16:23

"ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ"

-യാക്കോബ് 5:16

"നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ"

-മത്തായി 5:44

# യേശു ശിഷ്യന്മാരെ പഠിപ്പിച്ച ഒരു പ്രാർത്ഥന 

### (യേശുവിനെ അനുഗമിക്കുന്നവനാണു ശിഷ്യൻ)

യേശു ശിഷ്യന്മാരോടു ഇപ്രകാരം പ്രാർത്ഥിക്കുവാൻ പറഞ്ഞു:

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ, ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ, ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ, ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ; രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ ആമേൻ"

–മത്തായി 6: 9–13

ഈ പ്രാർത്ഥന മനഃപാഠമാക്കുക. വിശ്വാസികൾ പലപ്പോഴും ഈ പ്രാർത്ഥന ഉച്ചത്തിൽ ചൊല്ലാറുണ്ട്.

# ദൈവത്തിൻെറ പത്തുകല്പനകൾ നമ്മെ ജീവിക്കാൻ പഠിപ്പിക്കുന്നു

(പുറപ്പാട് 20–ാം അദ്ധ്യായം)

ആദ്യത്തെ നാലെണ്ണം നമ്മുടെ ദൈവത്തോടുള്ള സ്നേഹ ത്തെ കുറിച്ചാകുന്നു.

1. 'ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുതു'

2. 'ഒരു വിഗ്രഹം ഉണ്ടാക്കരുത് ........ യാതൊന്നിൻെറയും പ്രതിമയും അരുതു. അവയെ നമസ്ക്കരിക്കയോ സേവിക്ക യോ ചെയ്യരുത്'

3. 'നിൻെറ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്'

4. 'ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക'

അവസാനത്തെ ആറെണ്ണം നമുക്ക് മനുഷ്യരോടുള്ള സ്നേഹത്തെക്കുറിച്ചാകുന്നു.

5. 'നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക'
6. 'കൊലചെയ്യരുത്'
7. 'വ്യഭിചാരം ചെയ്യരുത്' (ഭാര്യയോടോ ഭർത്താവിനോടോ ഉള്ള ലൈംഗിക അവിശ്വസ്തതയാണു വ്യഭിചാരം)
8. 'മോഷ്ടിക്കരുത്'
9. 'കൂട്ടുകാരന്റെ നേരെ കള്ളസാക്ഷ്യം പറയരുത്'
10. 'കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുത്'

**ദൈവത്തെ അനുസരിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കുന്നു.**

"അവന്റെ കല്പനകളെ നാം പ്രമാണിച്ചു അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ടു എന്തുയാചിച്ചാലും അവങ്കൽ നിന്നു ലഭിക്കും"
–1 യോഹന്നാൻ 3:22


# വലിയ രണ്ടു കല്പനകൾ

## ദൈവത്തെ സ്നേഹിക്കുക

1. യേശു അവനോടു: 'നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കേണം' ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന...

–മത്തായി 22:37,38

## മനുഷ്യനെ സ്നേഹിക്കുക




2. 'രണ്ടാമത്തേതു അതിനോടു സമം: കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം.

–മത്തായി 22:39

പത്തു കല്പനകൾ മുഴുവൻ (പേജ് 34,35) ഈ രണ്ടു വലിയ കല്പനകളിൽ സംഗ്രഹിച്ചിരിക്കുന്നു.

"ഏറ്റവും വലിയ സ്നേഹത്തിന്റെ അദ്ധ്യായം"
-1 കൊരിന്ത്യർ 13: 1-8,13

'ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ. 2. എനിക്കു പ്രവചനവരം ഉണ്ടായിട്ടു സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും മലകളെ നീക്കുവാൻ തക്കവിശ്വാസം ഉണ്ടായാലും സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല. 3. എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും, സ്നേഹം ഇല്ല എങ്കിൽ എനിക്കു ഒരു പ്രയോജനവും ഇല്ല. 4. സ്നേഹം ദീർഘമായി ക്ഷമിക്കയും ദയകാണിക്കയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല. 5. ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദ്വേഷ്യപ്പെടുന്നില്ല ദോഷം കണക്കിടുന്നില്ല,


6. അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കു
ന്നു: 7. എല്ലാം പൊറുക്കുന്നു; എല്ലാം വിശ്വസിക്കുന്നു, എല്ലാം
പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. 8. സ്നേഹം ഒരുനാളും
ഉതിർന്നു പോകയില്ല. പ്രവചനവരമോ, അതു നീങ്ങിപ്പോകും,
ഭാഷാവരമോ അതു നിന്നുപോകും; ജ്ഞാനമോ അതു നീങ്ങി
പ്പോകും. 13. ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ
മൂന്നും നിലനില്ക്കുന്നു. ഇവയിൽ വലുതോ സ്നേഹം തന്നെ.

## ദൈവം സ്നേഹമാകുന്നു

“.... ദൈവം സ്നേഹം തന്നെ സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു”

–1 യോഹന്നാൻ 4:16

# മറ്റുള്ളവർക്കു സാക്ഷികൾ ആകുവാൻ നിങ്ങളെക്കുറിച്ച് യേശു ആഗ്രഹിക്കുന്നു



(വീട്ടിൽ, സ്കൂളിൽ, സഭയിൽ
എവിടെയും)

"നിന്റെ വീട്ടിൽ നിനക്കുള്ളവരു
ടെ അടുക്കൽ ചെന്നു കർത്താ
വു നിനക്കുചെയ്തതു ഒക്കെ
യും നിന്നോടു കരുണകാണിച്ച
തും പ്രസ്താവിക്ക എന്നു
അവനോടു പറഞ്ഞു"

–മർക്കോസ് 5:19

## 40 ഒരു യഥാർത്ഥ ദൈവപൈതലിനെ എങ്ങനെ അറിയാം

"ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും"

-മത്തായി 7:20

"ആത്മാവിൻെറ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം..."

-ഗലാത്യർ 5:22,23

## ഒരു യാഥാർത്ഥ ദൈവപൈതൽ മറ്റുള്ളവരോടു ക്ഷമിക്കുന്നു

"നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും" -മത്തായി 6:14

## 7 കാര്യങ്ങൾ ദൈവം വെറുക്കുന്നു

ഗർവ്വമുള്ള കണ്ണും വ്യാജമുള്ള നാവും കുറ്റമില്ലാത്ത രക്തം ചൊരിയുന്ന കയ്യും ദുരുപായം നിരൂപിക്കുന്ന ഹൃദയവും ദോഷത്തിനു ബദ്ധപ്പെട്ടു ഓടുന്ന കാലും ഭോഷ്കുപറയുന്ന കള്ളസാക്ഷിയും സഹോദരന്മാരുടെ ഇടയിൽ വഴക്കുണ്ടാക്കുന്നവനും തന്നേ" -സദൃശവാക്യങ്ങൾ 6:17-19




# ജഡത്തിന്റെ പ്രവൃത്തികൾ 41

"ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പു, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം... ഈ വകപ്രവൃത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല..." -ഗലാത്യർ 5:19-21


"..... പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ; എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല"

-1 കൊരിന്ത്യർ 6: 9,10

**യേശു തന്റെ ആത്മാവുകൊണ്ടു നിങ്ങളെ നിറയ്ക്കയും നിങ്ങളെ ശുദ്ധീകരിക്കയും ചെയ്യട്ടെ.**

"നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു; എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതികരണവും പ്രാപിച്ചിരിക്കുന്നു" -1 കൊരിന്ത്യർ 6:11

# നരകം യാഥാർത്ഥ്യമാണ്




-ലൂക്കോസ് 6:19-26 വായിക്കുക
യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു എന്ന് ഉറപ്പു വരുത്തുക. അവൻ നിങ്ങളുടെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതും.

"ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും"

-വെളിപ്പാട് 20:15

"…. ദൈവം നമുക്കു നിത്യജീവൻ തന്നു. ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ടു…"

–1 യോഹന്നാൻ 5:11

"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവയ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ"

–റോമർ 6:23

"പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടു, പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല. ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളു"

–യോഹന്നാൻ 3:36

"യേശു അവനോടു: ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല"

–യോഹന്നാൻ 14:6

# സ്വർഗ്ഗം യഥാർത്ഥസ്ഥലമാണ്



വെളിപ്പാട് 21 ലെ യോഹന്നാൻെറ ദർശനത്തിൽ അവൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു "അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനിരെല്ലാം തുടെച്ചു കളയും. ഇനി മരണം ഉണ്ടാകയില്ല; ദു:ഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല, ഒന്നാമത്തേതു കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ ഞാൻ സകലവും പുതുതാക്കുന്നു എന്നു അരുളിച്ചെയ്തു" -വെളിപ്പാട് 21:4,5

പുതിയ യരുശലേം എന്ന വിശുദ്ധനഗരം ദൈവസന്നിധിയിൽ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങുന്നത് യോഹന്നാൻ കണ്ടു.

"..... നഗരം സ്വച്ഛസ്ഫടികത്തിനൊത്ത തങ്കവും ..... ഓരോ ഗോപുരവും ഓരോ മുത്തുകൊണ്ടുള്ളതും നഗരത്തിൻെറ വീഥി സ്വച്ഛസ്ഫടികത്തിനു തുല്യമായ തങ്കവും ആയിരുന്നു" -വെളിപ്പാട് 21:18,21

# യേശു തന്നിൽ വിശ്വസിക്കുന്നവർക്ക് ഒരു ഭവനം ഒരുക്കുവാൻ പോയിരിക്കുന്നു

"നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എൻെറ പിതാവിൻെറ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എൻെറ അടുക്കൽ ചേർത്തുകൊള്ളും"

-യോഹന്നാൻ 14:1-3

## ഈ സുവാർത്ത മറ്റുള്ളവരോടു പറയുക

യേശു പറഞ്ഞു: "നിങ്ങൾ ഭുലോകത്തിൽ ഒക്കെയും പോയി സകലസൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" (മർക്കോസ് 16:15)

"ജ്ഞാനിയായവൻ ഹൃദയങ്ങളെ നേടുന്നു"

-സദൃശവാക്യങ്ങൾ 11:30

# തന്റെ മക്കളോട് ദൈവത്തിന്റെ വാഗ്ദത്തങ്ങൾ

"... ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല"

-എബ്രായർ 13:5

"നിന്റെ എല്ലാവഴികളിലും നിന്നെ കാക്കേണ്ടതിനു അവൻ നിന്നെക്കുറിച്ചു തന്റെ ദൂതന്മാരോടു കല്പിക്കും..." -സങ്കീർത്തനം 91:11

"പിതാവിന്റെ കയ്യിൽ നിന്നു പിടിച്ചുപറിപ്പാൻ ആർക്കും കഴികയില്ല"

-യോഹന്നാൻ 10:29

"ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ടു..."

(മത്തായി 28:20)



"നീ സഹിപ്പാനുള്ളതു പേടിക്കേണ്ടാ... മരണപര്യന്തം വിശ്വസ്തനായിരിക്ക, എന്നാൽ ഞാൻ ജീവകിരീടം നിനക്കുതരും"

-വെളിപ്പാട് 2:10

"ഞാൻ ഇരുട്ടത്തു ഇരുന്നാലും യഹോവ എനിക്കു വെളിച്ചമായിരിക്കുന്നു"

-മീഖാ 7:8


"എന്നെ വിളിച്ചപേക്ഷിക്ക ഞാൻ നിനക്കു ഉത്തരം അരുളും"

-യിരമ്യാവു 33:3

**എല്ലാവരും മരണത്തിൽ നിന്നുയിർക്കും.**

"... കല്ലറകളിൽ ഉള്ളവർ എല്ലാവരും അവൻെറ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവന്നായും തിന്മചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു"

–യോഹന്നാൻ 5:28,29



**ക്രിസ്തുവിൽ മരിച്ചവർ ആദ്യം ഉയിർക്കും**

"പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും" –1 തെസ്സലൊനിക്യർ 4:17

"ആ കാലം എപ്പോൾ എന്നു നിങ്ങൾ അറിയായ്കകൊണ്ടു സൂക്ഷിച്ചുകൊൾവിൻ; ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ"

–മർക്കോസ് 13:33

# യേശു എങ്ങനെ വരും?



"ഇതാ അവൻ മേഘാരൂഢനായി വരുന്നു. ഏതു കണ്ണും... അവനെ കാണും"

-വെളിപ്പാട് 1:7

**കള്ളക്രിസ്തുക്കളെയും കള്ളപ്രവാചകന്മാരെയും സൂക്ഷിക്കുക**

"... ആരാനും നിങ്ങളോട് ഇതാ ക്രിസ്തു ഇവിടെ, അല്ല അവിടെ എന്നു പറഞ്ഞാൻ വിശ്വസിക്കരുത്....... അതാ അവൻ മരുഭൂമിയിൽ എന്നു പറഞ്ഞാൽ പുറപ്പെടരുത്; ഇതാ അറകളിൽ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്"

-മത്തായി 24:23,26

## യേശു മേഘാരൂഢനായി വേഗം വരും

"മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങുംപോലെ മനുഷ്യപുത്രന്റെ വരവു ആകും... അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ട്, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും"

-മത്തായി 24:27,30

# ഇടയ സങ്കീർത്തനം

## (സങ്കീർത്തനം 23)

1 യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല. 2. പച്ചയായ
പുല്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിന്നരി
കത്തേക്കു എന്നെ നടത്തുന്നു. 3 എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു;
തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു.

4 കൂരിരുൾ താഴ്വരയിൽ നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല;
നീ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വ
സിപ്പിക്കുന്നു. 5 എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കു
ന്നു; എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകം ചെയ്യുന്നു; എന്റെ പാനപാ
ത്രവും നിറഞ്ഞു കവിയുന്നു.

6 നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും;
ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും.

Read booklets online or by App
www.wmp-readonline.org

www.wmpress.org

5-21

2232 Malayalam WTG